(ഡി) മോത്തി പാക്കേജിംഗ് ഇൻഡസ്ട്രീസിന് 30 ലക്ഷം എണ്ണവും മോത്തി അഡ്ഹിസീവ്സിന് 15 ലക്ഷം എണ്ണവും സപ്ലൈ ചെയ്യാൻ ഓർഡർ നൽകിയിരുന്നു. അവ ഗുണനിലവാരമില്ലാത്തതാണെന്നു കണ്ടെത്തിയതിനെ തുടർന്നാണ് നിരസിച്ചത്.

(ഇ) മേൽപ്പറഞ്ഞ 2 സ്ഥാപനങ്ങൾക്കു പുറമേ ക്രിയേറ്റീവ് പായ്ക്ക് ചെന്നൈ, മെസേഴ്സ് ജ്യോതിസ് കോൺസ് ആലുവ, മെസേഴ്സ് ശ്രീ. വിഘ്നേശ്വര പായ്ക്ക്, കൊല്ലം എന്നിവയ്ക്കും കാനുകൾ സപ്ലൈ ചെയ്യാനുള്ള കരാർ നൽകിയിരുന്നു. ഗുണനിലവാരമുള്ള കണ്ടെയ്നറുകൾ സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും കണ്ടെയ്നറുകൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്നതിന് ശബരിമല എക്സിക്യൂട്ടീവ് ഓഫീസറെ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തടസ്സമില്ലാതെ കണ്ടെയ്നറുകൾ ലഭിക്കുന്നുണ്ട്.

ശബരിമലയിലെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ

241 (1999) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ ഏതൊക്കെ പ്രവർത്തനങ്ങളാണ് ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; പുതുതായി ഏതൊക്കെ പ്രവർത്തനങ്ങളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താനായി ഉദ്ദേശിക്കുന്നത് ;

(ബി) നിലയ്ക്കലിൽ ടൂറിസം ഡിപ്പാർട്ട്മെന്റിന് സ്ഥലം വിട്ടുനൽകി ഇവിടെ പിൽഗ്രിം ഷെൽട്ടർ, ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, യാത്രിനിവാസ് എന്നിവയുടെ നിർമ്മാണം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലയ്ക്കലിൽ ഒരു വിശ്രമപന്തൽ, 400 ലാട്രിനുകൾ, കുടിവെള്ള ശൃംഖല, കുടിവെള്ള സംഭരണികൾ, പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡുകൾ, പോലീസ് സ്റ്റേഷൻ, ഉദ്യോഗസ്ഥർക്ക് താമസസൗകര്യത്തിനുള്ള 3 ബഹുനില കെട്ടിടങ്ങൾ, ഖരമാലിന്യനിർമ്മാർജ്ജനത്തിനായി 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ, ഡസ്റ്റ് ബിന്നുകൾ, പാർക്കിംഗ് ഗ്രൗണ്ടുകൾ, പള്ളിക്കുളം നവീകരണം എന്നിവ ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ താമസത്തിനായി 2 കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു. പമ്പയിൽ 20000 സ്കയർ ഫീറ്റ് വിസ്തീർണ്ണമുള്ള വിശ്രമപന്തൽ 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ ഖരമാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള ഗാർബേജ് ഷെഡ്, അപ്പാച്ചിമേട്ടിലും നീലിമലയിലും കാർഡിയോളജി സെന്റർ, പമ്പയിൽ 160 ലാട്രിനുകൾ, അപ്പാച്ചിമേട്ടിൽ വിശ്രമ സങ്കേതം പമ്പയിൽ നിന്നുള്ള പാതയിൽ ലാട്രിൻ ബ്ലോക്കുകൾ, അപ്പാച്ചിമേട് കയറ്റം ലഘൂകരിച്ച് പാത വീതികൂട്ടി കോൺക്രീറ്റ് ചെയ്ത് ബാരിക്കേടുകൾ നിർമ്മിക്കൽ, ചന്ദ്രാനന്ദൻ റോഡ് വീതികൂട്ടി സംരക്ഷണ ഭിത്തി നിർമ്മാണം, അപ്പാച്ചിമേട്, നീലിമല ഭാഗത്ത് 4 സ്ഥലങ്ങളിൽ മേൽക്കൂര നിർമ്മിക്കൽ എന്നിവ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശബരിമലയിൽ 3200 ലാട്രിനുകൾ, 80 ബാത്ത് റൂമുകൾ, 20 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണികൾ സന്നിധാനത്തു നിന്നും മാളികപ്പുറത്തേക്കുള്ള ഫ്ളൈ ഓവറിൽ മേലക്കൂര, 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ, താമസ സൗകര്യങ്ങളുടെ വിപുലീകരണം എന്നിവ ചെയ്തിട്ടുണ്ട് കൂടാതെ ക്യൂ കോംപ്ലക്സ് നിർമ്മാണം, റോപ്വേ നിർമ്മാണം, അന്നദാന മണ്ഡപത്തിന്റെയും പ്രസാദ മണ്ഡപത്തിന്റെയും നിർമ്മാണം പമ്പരാഗതപാതയുടെയും സ്വാമി അയ്യപ്പൻ റോഡിന്റെയും മേൽക്കൂര നിർമ്മാണം, പമ്പയിൽ 1.5 എം.എൽ.ഡി.-യുടെയും ശബരിമലയിൽ 5 എം.എൽ.ഡി.യുടെയും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം, നിലയ്ക്കലിൽ ശബരിഭവനുകളുടെ നിർമ്മാണം, നിലയ്ക്കൽ ക്ഷേത്രവികസനം, നിലയ്ക്കൽ പെട്രോൾ പമ്പ് സ്ഥാപിക്കൽ, കുടിവെള്ള സംഭരണികളുടെ നിർമ്മാണം, നിലയ്ക്കൽ ചെക്ക് ഡാം നിർമ്മാണം എന്നിവയ്ക്കു മുൻതൂക്കം നൽകുന്നു.

(ബി) ഇക്കാര്യം ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിഗണനയിൽ ഇല്ല.

ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനുള്ള നടപടികൾ

242 (2000) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാം ;

(സി) പ്രസ്തുത ബുദ്ധിമുട്ടുകൾ മാറ്റാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) പദ്ധതിയുടെ അടങ്കൽ തുക എത്ര ;

(എഫ്) നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നിലയ്ക്കലിൽ ഒരു വിശ്രമപന്തൽ നിർമ്മിച്ചു. 400 ലാട്രിനുകൾ നിർമ്മിച്ചു. കുടിവെള്ള വിതരണ ശൃംഖല ഏർപ്പെടുത്തി. കുടിവെള്ള സംഭരണികൾ നിർമ്മിച്ചു. പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡുകൾ നവീകരിച്ചു. പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും പോലീസ് ഉദ്യോഗസ്ഥർക്കും താമസിക്കുന്നതിന് 3 ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ചു. 2 എണ്ണത്തിന്റെ നിർമ്മാണ ജോലികൾ നടന്നുവരുന്നു. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ സ്ഥാപിച്ചു. ഡസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു. പാർക്കിംഗ് ഗ്രൗണ്ടുകൾ നിർമ്മിച്ചു. പള്ളിക്കുളം നവീകരിച്ചു. പമ്പയിൽ വിശ്രമ പന്തൽ നിർമ്മിച്ചു. (20000 സ്കയർ ഫീറ്റ്) പമ്പയിൽ

LIBRARY ARCHIVES Kerala Legislative Assembly